**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 608** **02-02-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ബീച്ച് റോഡിൽ ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പുതുതായി വ്യവസായ സംരംഭം തുടങ്ങുമെന്ന സർക്കാരിന്റെ പ്രഖ്യാപനം എപ്പോൾ പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി സ്വീകരിച്ച് വരികയാണ്. ഭക്ഷ്യ, കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റു വ്യവസായ സംരംഭങ്ങളും തുടങ്ങുന്നതിന് അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകൽപന ചെയ്യുന്നത്. മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഏകദേശം 40 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണ പ്രവൃത്തി 2025-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷത്തിൽ നീക്കി വെച്ചിട്ടുള്ള 2.5 കോടി രൂപയിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. |
| (ബി) | ഏത് തരത്തിലുള്ള സംരംഭമാണ് ഇവിടെ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും അതിന് നീക്കിവെച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി സ്വീകരിച്ച് വരികയാണ്. ഭക്ഷ്യ, കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റു വ്യവസായ സംരംഭങ്ങളും തുടങ്ങുന്നതിന് അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകൽപന ചെയ്യുന്നത്. മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഏകദേശം 40 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണ പ്രവൃത്തി 2025 -ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷത്തിൽ നീക്കി വെച്ചിട്ടുള്ള 2.5 കോടി രൂപയിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതി ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. ടോപ്പോഗ്രാഫിക്കൽ സർവേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 40 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറായിട്ടുണ്ട്. എസ്റ്റിമേറ്റും പ്ലാനും വിശദമായി പരിശോധിച്ചതിനുശേഷം Comprehensive Administrative Sanction നൽകാൻ കഴിയുന്നതാണ്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. ടോപ്പോഗ്രാഫിക്കൽ സർവേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 40 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറായിട്ടുണ്ട്. എസ്റ്റിമേറ്റും പ്ലാനും വിശദമായി പരിശോധിച്ചതിനുശേഷം Comprehensive Administrative Sanction നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ